# എക്സിക്യൂട്ടീവ് മജിസ്ട്രേട്ട് (Excecutive Magistrate)

പൊതുജനങ്ങൾക്ക് ഉപദ്രവമുണ്ടാക്കുന്ന പ്രവർത്തികൾ എത്രയും പെട്ടെന്ന് തടയേണ്ടത് അനിവാര്യമാണ്. സമാധാന ലംഘനം ഉണ്ടാകുവാനിടയുണ്ടെന്നുള്ള അറിവു ലഭിച്ചുകഴിഞ്ഞാൽ അത് തടയാനായി സത്വര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അത്തരം സന്ദർഭങ്ങളിൽ നിയമാനുസരണം തെളിവുകളെടുത്ത് നീതിപൂർവ്വകമായ ഒരു നിഗമനത്തിലെത്തി നടപടികൾ സ്വീകരിക്കുക എന്നുള്ളത് പ്രായോഗികമല്ല. പെട്ടെന്ന് നടപടികൾ സ്വീകരിച്ചേ മതിയാവൂ. ഈ നടപടികൾക്ക് **Excecutive Magisterial Function** എന്നു പറയുന്നു. ഇത്തരം നടപടികൾ സ്വികരിക്കുന്നതിന് ചുമതലയുള്ള മജിസ്ട്രേട്ടാണ് എക്സിക്യൂട്ടീവ് മജിസ്റ്റേറ്റ്.

ജില്ലാ കലക്ടർ ജില്ലാ മജിസ്ട്രേട്ടായും, ഡെപ്യൂട്ടി കലക്ടർ (ജനറൽ) അഡീഷണൽ ജില്ലാ മജിസ്ട്രേട്ടായും റവന്യൂ ഡിവഷണൽ ഓഫീസർ സബ് ഡിവിഷണൽ മജിസ്ട്രേറ്റട്ടായും, തഹസിൽദാർ താലൂക്ക് തലത്തിലുള്ള എക്സിക്യൂട്ടീവ് മജിസ്ട്രേട്ടായും ചുമതലകൾ നിർവ്വഹിക്കുന്നു.

**Lalith babu, Palakkad**